# ചിരാത്

## ഡിജിറ്റൽ മാഗസിൻ 2020



## ജി. വി. എച്ച്. എസ്. എസ്

## മുരിക്കംവയൽ

# ലിറ്റിൽ കൈറ്റ്സ്

# സ്കൂൾതല നിർവഹണ സമിതി

| | |
|---|---|
| ചെയർമാൻ | : ശ്രീ. സിജു കൈതമറ്റം (പി.റ്റി.എ പ്രസിഡന്റ്) |
| കൺവീനർ | : ശ്രീ. എം.റ്റി.അബ്ദുൾ റഹിം (ഹെഡ്മാസ്റ്റർ) |
| വൈസ് ചെയർമാന്മാർ | : ശ്രീമതി.സുനിത പ്രദീപ് <br> ശ്രീ കെ.ബി. മോഹനൻ |
| ജോയിന്റ് കൺവീനർമാർ | : ശ്രീമതി. അനീസാ സീനത്ത് <br> ശ്രീമതി. സിൽവിയ തോമസ് |
| സാങ്കേതിക ഉപദേഷ്ടാവ് | : ശ്രീമതി.ഷീജാമോൾ റ്റി എച്ച് (SITC) |

# *TEAM KITE*

*Little Kite Mistress : Aneesa Seenath*
*Little Kite Mistress : Silvia Thomas*
*Little Kite Unit Leader : Bestin T B*
*Little Kite Members : Amrutha Libu*
*: Krishnapriya K M*
*: Akshay Ratheesh*
*: Sobin T B*
*: Anu Vidhyadharan*
*: Bincy Mary John*
*: Aleena Raveendrakumar*
*: Alen E U*
*: Jithin K B*
*: Vismaya Vibhakaran*
*: Devipriya Biju*
*: Athulya S Kumar*
*: Arshamol M T*
*: Reshma Ratheesh*
*: Adithyan Baiju*
*: Ammulakshmi P*
*: Anjana Soman*
*: Devika P R*
*: Bestin T B*
*: Gopika Sathyan*

# EDITORIAL BOARD

Staff Editor : Aneesa Seenath

Student Editor : Gopika Sathyan

Sub Editors : Silvia Thomas
Devika P R

Cover Design & Layout : Bestin T B
Sobin T B

Art Type Setting : Reshma Ratheesh

# ആമുഖം

മുരിക്കുംവയൽ ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് 2019–21 ബാച്ച് അംഗങ്ങളായ ഞങ്ങൾ പഠനപ്രവർത്തനങ്ങളോട് അനുബന്ധിച്ച് 2020 വർഷാരംഭം പ്രസിദ്ധീകരിക്കുന്ന മാഗസിൻ "ചിരാത്".

ഞങ്ങൾക്ക് ലിറ്റിൽ കൈറ്റ്സ് ക്ലാസ്സുകളിൽ നിന്നും ധാരാളം അറിവുകൾ ലഭിച്ചതിന്റെ ഒരു സമാഹാരമാണ് ഈ മാഗസിൻ. കഥകൾ , കവിതകൾ , അനുഭവങ്ങൾ,ചിത്രങ്ങൾ തുടങ്ങി കലാപരമായ സൃഷ്ടികളുടെ ഒരു സമർപ്പണമാണ് ഈ മാഗസിൻ.

സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. എം.റ്റി. അബ്ദുൾ റഹിം സാറിന്റെയും സീനിയർ അസിസ്റ്റന്റ് ഷീജാ ടീച്ചറിന്റെയും സാന്നിധ്യത്തിൽ കൈറ്റ് മിസ്ട്രസ്സ് ശ്രീമതി. അനീസാ സീനത്ത് , ശ്രീമതി. സിൽവിയ തോമസ് എന്നിവരുടെ നേതൃത്വത്തിൽ കൈറ്റ് അംഗങ്ങളുടെ കലാസൃഷ്ടികൾ ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയ ഈ മാഗസിൻ നിങ്ങൾക്കു മുൻപിലായി സമർപ്പിക്കുന്നു.

# ഉള്ളടക്കം


1. പ്രതീക്ഷ (കവിത) - ഗോപിക സത്യൻ

2. അപ്പവും തേൻമാവും(കഥ) - സോബിൻ റ്റി ബി

3. കേരളീയ വാദ്യോപകരണങ്ങൾ (വിവരണം)

   ഇടയ്ക്ക - അഞ്ജന സോമൻ

   ചെണ്ട - അമ്മുലക്ഷ്മി പി

4. തെയ്യം (കുറിപ്പ്) - അതുല്ല്യ എസ് കുമാർ

5. നഗരജീവിതം(കവിത) - ബെസ്റ്റിൻ റ്റി ബി

6. പ്ലാനറ്റോറിയത്തിലേക്ക് (യാത്രാവിവരണം) - ദേവിപ്രിയാ ബിജു

7. വിഷു (കവിത) - ഗോപിക സത്യൻ

8. ഇക്കവും ചിക്കവും(കഥ) - അമൃത ലിബു

9. സ്ത്രീ (കവിത) - അന്ന വിദ്യാധരൻ

10. ആമയും മുയലും(കഥ) - ദേവിക പി ആർ

11. ജീവിതമാം യാത്ര (കവിത) - ഗോപിക സത്യൻ

12. കുഞ്ഞുപൂവ് (കഥ) - ജിതിൻ കെ ബി

13. എന്റെ ഗ്രാമം(കവിത) - കൃഷ്ണപ്രിയ കെ എം

14. ചിന്താവിഷ്ടയായ സീത - രേഷ്മ രതീഷ്

15. പൂക്കളും കാർമേഘക്കുട്ടനും (കഥ) - അമ്മുലക്ഷ്മി പി

16. മഴ (കവിത) - ദേവിക പി ആർ

17.ഓട്ടൻതുള്ളൽ - ഗോപിക സത്യൻ

18.ആനയും അണ്ണാനും - ദേവിക പി ആർ

# പ്രതീക്ഷ

കവിത

ഓണം വരവായ് വരവായി
ഇന്നെന്റെ മുറ്റത്ത് പൂക്കളമില്ലല്ലോ
പൂക്കളമില്ലല്ലോ
മുത്തശ്ശി പാടിയ പാട്ടു ഞാനോർക്കുന്നു.

മാവേലി നാടുവാണീടും കാലം
മാനുഷരെല്ലാരും ഒന്നുപോലെ
മുത്താരം കുന്നിന്റെ മുൻപിലെ മുല്ലയിൽ
കൈയ്യിലും മെയ്യിലും മുള്ളുകൾ കൊണ്ടതും
മുറ്റത്ത് ചന്തമുള്ളത്തമുയർന്നതും.

ഇന്നെന്റെ പേരക്കിടാവുമായ് ഞാനെന്റെ
മുത്താരംകുന്നിലേയ്ക്കെത്തുന്നു പിന്നെയും
മുല്ലപോയ് കുട്ടിന്ന് മുത്തശ്ശിയും കൂടി
ഇന്നു ഞാനോർക്കുന്നു.

മുട്ടൻ ഇലയിലെ സദ്യവട്ടങ്ങളും
കൂട്ടരുമൊത്തുള്ളൊരോണക്കളികളും
വള്ളംകളികളും കോലുകളികളും
ഓണനിലാവത്തിലൂഞ്ഞാലിലാട്ടവും.

മാവേലിമന്നനെ കണ്ട സംതൃപ്തിയും
തുമ്പിതുള്ളുന്നതും ഇന്നു ഞാനോർക്കുന്നു
ഇന്നെൻ പ്രതീക്ഷയിൽ
അന്നത്തെയോണമാണെന്നെ
തിരിഞ്ഞുനോക്കാതെ പോകുമോ?

ഇനിയുള്ളോരോണവും
അങ്ങനെയാക്കുവാൻ ഞാനെന്റെ
പേരക്കിടാവിനോടോതുന്നു പ്രതീക്ഷ
പോൽ ഓതുന്നു പ്രതീക്ഷപോൽ.

-ഗോപിക സത്യൻ

# അപ്പുവും തേൻമാവും

ഒരിടത്തൊരിടത്ത് ഒരു ഗ്രാമത്തിൽ അപ്പു എന്ന ഒരു കുട്ടി താമസിച്ചിരുന്നു. അവന്റെ വീടിന്റെ മുറ്റത്ത് ഒരു തേൻമാവ് നിന്നിരുന്നു. അവൻ എന്നും ആ മാവിൻ ചോട്ടിൽ ഇരുന്ന് മാങ്ങ തിന്നുമായിരുന്നു. അവന് എറ്റവും ഇഷ്ടമുള്ള മരമായിരുന്നു ആ തേൻമാവ്. എന്നാൽ ഒരു ദിവസം ആ മാവ് മുറിച്ചുകളയുവാൻ വേണ്ടി അപ്പുവിന്റെ അച്ഛൻ തിരുമാനിച്ചു.അപ്പുവിന് വളരെ വിഷമമായി . അവൻ കുറേ നേരമിരുന്ന് കരഞ്ഞു .

അപ്പു ആ മരത്തെക്കുറിച്ച് കുറെ കാര്യങ്ങൾ അച്ഛനോട് പറഞ്ഞു. അച്ഛന് അതെല്ലാം കേട്ടപ്പോൾ വളരെ വിഷമമായി. അതുകൊണ്ട് അപ്പുവിന്റെ അച്ഛൻ ആ മരം മുറിക്കുന്നില്ല എന്നു തീരുമാനിച്ചു. അപ്പുവിന് വളരെയധികം സന്തോഷം തോന്നി. ഇനി ഒരിക്കലും ഞാൻ ഒരു മരവും മുറിക്കില്ല എന്ന് അപ്പുവിന്റെ അച്ഛൻ പറഞ്ഞു..................

സോബിൻ റ്റി ബി

# കേരളത്തിലെ വാദ്യോപകരണങ്ങൾ

## ഇടയ്ക്ക

കേരളത്തിന്റെ തനതുവാദ്യമായ ഇടയ്ക്ക, വയനാട്ടിലെയും മറ്റും ആദിവാസികളുപയോഗിക്കുന്ന തുടിയുടെ പരിഷ്കൃതരൂപമാണെന്നു പറയാം. ചിലപ്പതികാരം പോലുള്ള പ്രാചീന കൃതികളിലും മറ്റും ഇടയ്ക്കയെ പരാമർശിക്കുന്നുണ്ടെങ്കിലും അവയൊന്നും ഇന്ന് മലയാളി ഉപയോഗിക്കുന്ന ഇടയ്ക്കയല്ല.

ക്ഷേത്രങ്ങളിലെ സോപാന സംഗീതത്തിൽ പ്രധാനമായും ഉപയോഗിക്കുന്ന ഇടയ്ക്ക പിന്നീട് പഞ്ചവാദ്യത്തിന്റെയും ഭാഗമായി.കൂടിയാട്ടത്തിലെ അഭിനയത്തിന് പശ്ചാത്തലമൊരുക്കാനും കഥകളിയിൽ സ്ത്രീ കഥാപാത്രങ്ങളുടെ ചൊല്ലിയാട്ടത്തിനും ഇടയ്ക്ക കൊട്ടാറുണ്ട്.പൊതുവെ ഭാരം കുറഞ്ഞ കേരളീയ വാദ്യമായ ഇടയ്ക്കയിൽ ഒരേസമയം ഒരു മുഖത്ത് മാത്രമേ കൊട്ടാറുള്ളൂ.കുറ്റിയിൽ പിടിക്കുന്ന ഇടതുകൈ കീഴ്പ്പോട്ട് അമർത്തുന്നതനുസരിച്ച് സപ്തസ്വരങ്ങൾ വന്നുകൊണ്ടിരിക്കുന്നു......

-അഞ്ജന സോമൻ

# ചെണ്ട

കേരളത്തിന്റെ തനത് വാദ്യോപകരണങ്ങളെക്കുറിച്ച് ഓർക്കുമ്പോൾ ഏതൊരു മലയാളിക്കും ആദ്യ ഓർമ്മവരിക ചെണ്ടയായിരിക്കും.

കൊട്ടുന്ന ഏത് വസ്തുവിനെയും 'ചെണ്ട 'എന്ന് വിളിക്കുന്ന തരത്തിൽ നമ്മുടെയൊക്കെ മനസ്സിൽ ആഴത്തിൽ പതിഞ്ഞിട്ടുണ്ട്.

മലയാളികളുടെ മനസ്സിലെ ഒരു വികാരമാണ് ചെണ്ട.ആൺ പെൺ വകതിരിവില്ലാതെ എല്ലാവരുടെയും മനസ്സിനെ സാന്ത്വനിപ്പിച്ചിട്ടുണ്ട് ഈ വാദ്യോപകരണം.വിവിധതരം മേളങ്ങൾക്കും കേളി,കഥകളി,തായമ്പക,പരിഷവാദ്യം തുടങ്ങി പല കലാപ്രകടനങ്ങളിലും ഒഴിച്ചുകൂടാനാവാത്ത വാദ്യമാണ് ചെണ്ട. ചെണ്ടയ്ക്ക് ഒരു ഭാഗമുണ്ട്. ഇടംതലയും വലംതലയും. ഇടംതല ഒരു തുകൽ കൊണ്ട് മൂടിതും വലംതല ഒന്നിൽ കൂടുതൽ തുകലുകൾ ചേർത്ത് ഒട്ടിച്ചതുമായിരിക്കും.

രണ്ടും വശവും തുകൽ പൊതിഞ്ഞ ഒരു കുറ്റിയാണല്ലോ ചെണ്ട. ചെണ്ടയുടെ കുറ്റിക്ക് പഖ എന്നാണ് പറയുന്നത്.പ്ലാവ്, പേരാൽ, അരയാൽ, തെങ്ങ്, പന, കരിമ്പന, കണിക്കൊന്ന തുടങ്ങിയ വൃക്ഷങ്ങളുടെ തടിയാണ്

പറയുണ്ടാക്കാൻ പ്രധാനമായും ഉപയോഗിക്കുന്നത്. ചെണ്ടയുടെ രണ്ടറ്റത്തും മുള കൊണ്ടുണ്ടാക്കിയ വളയങ്ങളിൽ തുകൽ ഉറപ്പിക്കുന്നു. ഉരുട്ടുചെണ്ട, വീക്കൻചെണ്ട എന്നിങ്ങനെ ചെണ്ട രണ്ടുതരമുണ്ട്. വലംതല കൊട്ടുന്ന ചെണ്ടയാണ് വീക്കൻ. ഇടംതല കൊട്ടുന്നത് ഉരുട്ടുചെണ്ടയും.

തായമ്പകയും മേളങ്ങളും അവതരിപ്പിക്കുമ്പോൾ ചെണ്ടയുടെ ഇടംതലയ്ക്കാണ് മുഖ്യ പങ്ക്. എന്നാൽ, തായമ്പകയ്ക്ക് മുമ്പുള്ള കൊട്ടിവയ്ക്കൽ എന്ന പരിപാടി ക്ഷേത്രങ്ങളിലെ വിളക്കാചാരം, തിടമ്പുനൃത്തം എന്നിവയ്ക്കും വലംതലയാണ് പ്രധാനമായും ഉപയോഗിക്കുന്നത്. വലംതല ദേവവാദ്യമായും ഇടംതല അസുരവാദ്യമായും കരുതപ്പെടുന്നു.

-അമ്മുലക്ഷ്മി പി

# തെയ്യം

ഉത്തരകേരളത്തിലെ ഒരു അനുഷ്ഠാനനൃത്തകലയാണ് തെയ്യം .മനുഷ്യൻ കോലം കെട്ടിയാടുമ്പോൾ അവരിൽ പൂർണ്ണമായി ദേവതാസങ്കല്പം ആരോപിക്കപ്പെടുന്നു.വളരെ അധികം അനുഷ്ഠാനകർമ്മങ്ങളും വ്രതശുദ്ധിയും നിറഞ്ഞതാണിത്.

ദൈവം എന്ന പദത്തിൽ നിന്നാണ് തെയ്യം ഉണ്ടായത്.തെയ്യത്തിന്റെ ഗാനരൂപമാണ് തൊറ്റം. വണ്ണാൻ, മലയൻ, മാവിലൻ, ചെറവൻ, ചിങ്കത്താൻ തുടങ്ങിയ സമുദായക്കാരാണ് തെയ്യം കെട്ടിയാടുന്നത്

ദേവീദേവന്മാരേയും യക്ഷഗന്ധർവ്വാദി കളേയും ഭൂതങ്ങളെയും നാഗങ്ങളെയും മൃതിയടഞ്ഞ കാരണവന്മാരേയും മൺമറഞ്ഞവീരപരാക്രമികളെയും കോലസ്വരൂപമായി കെട്ടിയാടിച്ച് ആരാധിക്കുന്ന അനുഷ്ഠാനമാണിത്.................

അതുല്യ എസ് കുമാർ

# നഗരജീവിതം

എത്രതിരക്കുള്ള പാതയോരം,
വണ്ടികൾ ഒക്കെയും ചീറിപ്പായും,
യാത്രക്കാരാണല്ലോ അങ്ങുമിങ്ങും,
തട്ടിയും മുട്ടിയും കെട്ടിടങ്ങൾ.

മൂന്നുനിലയുള്ള മന്ദിരങ്ങൾ മുതൽ
ഏഴുനിലവരെയുണ്ടിവിടെ,
രാവും പകലും ഒന്നുപോലെ,
തിക്കിതിരക്കാണ് പട്ടണത്തിൽ!

ഇന്നുകാണുന്നവർ നാളെയില്ല,
എന്തുതിരക്കുള്ള യാത്രയാണ്,
എന്തു തിരക്കുള്ള ജീവിതമാണ്,
ഇതിനോട്ടു ഞാനിതാ യാത്രചോദിക്കുന്നു.

കുന്നും മലകളും തിങ്ങിനിൽക്കും,
മലയാളനാടിതായെന്റെ മുൻപിൽ,
സൂര്യക്കിരണത്തിൻ വീചിയേറ്റ്
വെട്ടിത്തിളങ്ങുന്ന നല്ലഭൂമി.

പൂക്കുല തിങ്ങിയ മാമരങ്ങൾ,
പുഞ്ചിരിതൂകുന്ന കൊച്ചരുവി,
ഈണമായ് താളമായ് പാട്ടുപാടി,
കുലങ്ങൾ നന്നായി താളമിട്ടു.

പച്ചപുതപ്പാർന്ന, പുല്ലുമേട

മേഞ്ഞുനടക്കുന്ന കാലികളും,

ഗ്രാമഗൃഹങ്ങളിൽ കർഷകന്മാരുമുണ്ട്,

അധ്വാനശീലരാണെല്ലാവരും!

പാടങ്ങൾ തിങ്ങിയും സ്വർണ്ണവർണ്ണം,

ചേറ്റിലും ചെളിയിലും പൂണ്ടുനിന്നു.

മലയാളി മങ്കമാർ കൊയ്തിടുന്നു,

പാട്ടുകൾ പാടുന്നു കൂടെക്കൂടെ.

ഇത്രയും മഞ്ജുളമായ ദൃശ്യം,

ഇനിയും ഒരിടത്തും കാണുകില്ല,

ഇനിയും ഒരിടത്തും കിട്ടുകില്ല,

ഇനിയും ഒരിടത്തും കിട്ടുകില്ല...!

-ബെസ്റ്റിൻ റ്റി. ബി.

# പ്ലാനറ്റോറിയത്തിലേക്ക്

യാത്രാവിവരണം

തലസ്ഥാനനഗരിയിൽ എത്തിച്ചേർന്നു. വഴിനീളെ സ്വർണ്ണവർണ്ണവുമായി കണിക്കൊന്നകൾ പൂവാകും.

പ്ലാനറ്റോറിയത്തിലേക്ക് പ്രവേശിച്ചു. അവിടെ ക്യാമറയും ഫോണുകളും പ്രവർത്തിത്തുനിൽക്കുന്നതു കണ്ടാൽ അവ നമ്മളെ ഹാർദ്ദവമായി സ്വാഗതമരുളി പൂച്ചെണ്ടുമായി നിൽക്കുന്ന പ്രതീതി ഉളപ്പിക്കാൻ പാടില്ല. കർശന നിയന്ത്രണമാണ്.മുറ്റത്തുതന്നെ വലിയ റോക്കറ്റിന്റെയും വിമാനത്തിന്റെയും മാതൃക കാണാൻ കഴിയും.കൂടാതെ ആകർഷകമായരീതിയിൽ ചെടികൾ വെട്ടിനിർത്തിയിരിക്കുന്നു.

അകത്തേക്ക് പാദമെടുത്തു പ്രവേശിച്ച് ആദ്യം കാണുന്നത് വിവിധ ശാസ്ത്രജ്ഞന്മാരുടെ ചിത്രങ്ങളും അവരുടെ കണ്ടുപിടുത്തങ്ങളുമായിരുന്നു.അതിൽ ഗലീലിയോ അപ്പൂപ്പൻ അടിപൊളിയായി ചിരിച്ചിരിക്കുന്നു. അങ്ങനെ വിവിധ തരം കാഴ്ചകൾ.

ഷോ ആരംഭിച്ചു.എല്ലാവരും അർദ്ധവൃത്താകൃതിയിലുള്ള റൂമിൽ പ്രവേശിച്ചു.എല്ലാം നിശ്ചലമായി. ഭൂമിയും  സൂര്യചന്ദ്രനും തമ്മിലുള്ള ബന്ധവും ആദിമ മനുഷ്യനിൽ നിന്നും ഇപ്പോഴത്തെ മനുഷ്യനിലേക്ക് എത്തിയപ്പോൾ ശാസ്ത്രസാങ്കേതികവിദ്യ എത്രമാത്രം പുരോഗതി കൈവരിച്ചുവെന്നും തെളിയിക്കുന്ന കാഴ്ചകൾ കണ്ടു.

ആദ്യമായി ഭ്രമിയുടെ ഉല്പത്തിയിലേക്കു കടക്കുമ്പോൾ ഭീതിപരത്തുന്ന അന്തരീക്ഷമായി തോന്നും.ആദ്യകാലത്ത് മനുഷ്യൻ ഒരു ഭാഷ മാത്രമേ സംസാരിച്ചിരുന്നുള്ളു.അങ്ങനെ മനുഷ്യൻ ഒന്നായി പ്രയത്നിച്ച് ഒരു കോട്ട കെട്ടിയുയർത്തി.അതിനു മുകളിലായി വീണ്ടും വീണ്ടും നിലകൾ കെട്ടിയുയർത്തി.ആകാശം മുട്ടെ കെട്ടിടങ്ങൾ നിലനിലയായി പണിതുയർത്തി അവന്റെ അഹങ്കാരവും അത്യാർത്തിയും വളർന്നു.ഈശ്വരൻ മനുഷ്യൻ കെട്ടിപടുത്തുയർത്തിയ ഗോപുരങ്ങൾ തകർത്തു. അവരെ പലതരത്തിലുള്ള ഭാഷകൾ സംസാരിക്കാറാക്കി.ഒരേ ഭാഷയിൽ നിന്നും വ്യത്യസ്ത ഭാഷകൾ രൂപംകൊണ്ടു.

ആദ്യകാലങ്ങളിൽ ലിപികൾ പടം വരച്ചവതരിപ്പിക്കുന്നതായിരുന്നു.ദൃശ്യങ്ങൾ മനസ്സിലാക്കാനായി ക്രമേണ ലിപികൾ കണ്ടുപിടിച്ചു.ആശയവിനിമയം അങ്ങനെ എളുപ്പമായി.സ്വന്തമായി ഭാഷയില്ലാതിരുന്ന കാലത്തും ആശയവിനിമയം ചെയ്യാൻ പലതരം ശബ്ദങ്ങൾ പുറപ്പെടുവിച്ചിരുന്നു.

ആശയവിനിമയത്തിനു പിന്നാലെ അച്ചടിയും ആരംഭിച്ചു.അച്ചടിയുടെ പിതാവ്, ഗുട്ടൻബർഗിനെ പരിചയപ്പെട്ടു. 'പാപ്പിറസ് 'ചെടിയെ പരിചയപ്പെട്ടു.പ്രപഞ്ചത്തിന്റെ ഉല്പത്തി, ആകാശക്കാഴ്ച്ചകൾ, നക്ഷത്രങ്ങൾ, സൂര്യൻ,ചന്ദ്രൻ, ഭ്രമി തുടങ്ങിയവയെപ്പറ്റി ദൃശ്യങ്ങളിൽ ആവിഷ്കരിച്ചത് കാഴ്ച്ചക്കാരിൽ അവരെ നേരിട്ട് ആകാശത്തെത്തിയ പ്രതീതി ഉളവാക്കി. അല്പസമയത്തേക്ക് വായുവിൽ പറന്നു നടക്കുകയാണ് എന്ന്

തോന്നും.കെട്ടിടങ്ങൾക്കു മുകളിലൂടെ പാറിപ്പറന്നു പോകുന്ന പക്ഷികളാകാൻ സാധിച്ചു.എന്തൊരത്ഭുതം..!

ഇന്നത്തെ ദൃശ്യശ്രവ്യമാധ്യമങ്ങളും വിവരസാങ്കേതികവിദ്യകളും മനുഷ്യന്റെ വിരൽത്തുമ്പിലാണ്.ഇനിയും എത്രയെത്ര പുരോഗതി കൈവരിക്കാനിരിക്കുന്നു.അതിനുപിന്നിൽ എത്രയോ ശാസ്ത്രജ്ഞന്മാരുടെ പ്രയത്നം ഉണ്ടെന്ന് നാം അറിയണം.

-ദേവിപ്രിയ ബിജു

# വിഷു

കവിത

പൂക്കണികൊന്നയിൽ പൂമൊട്ടുയർന്നല്ലോ
മേടപ്പുലരിതൻ മേളമുയർന്നല്ലോ
പൊൻപുലർക്കാലത്തിൽ പൂക്കണി കാണുവാൻ
ഉമ്മറത്തെത്തുന്ന ഞങ്ങളെല്ലാം
അച്ഛനുമമ്മയും ഏട്ടനും
ഏട്ടത്തീം എല്ലാരുമുണ്ടല്ലോ
മുന്നിൽ തന്നെ

ഗ്രാമഗൃഹങ്ങളിൽ കർഷകന്മാരെല്ലാം
മേടപ്പുലരിയെ മാടിവിളിച്ചുല്ലസിച്ചീടുന്നു
തത്തയും മൈനയും പൂക്കണിക്കൊന്നയിൽ
നൃത്തം കളിക്കുന്നു കൂടെക്കൂടെ

രാവും പകലും ഒരുപോലുള്ള ഉത്സവ-
സുദിനമാണല്ലോ വിഷുദിനവും
എത്രകണ്ടാലും മതിവരാതുള്ളൊരു
അമ്പാടിക്കണ്ണനെ കണികാണണം

മേടപ്പുലരിതൻ മേളത്തിൽ
കൈകൾ നിറയെ കൈനീട്ടങ്ങളും
പുത്തൻപുടവയും ചുറ്റിക്കൊണ്ടങ്ങിങ്ങ്
ഓടിനടക്കുന്ന പൈതങ്ങളും

പേരക്കിടാവിനെ കണ്ടസംതൃപ്തിയിൽ
കൈനീട്ടം നല്കുന്ന മുത്തശ്ശിയും
കാട്ടിലും മേട്ടിലും പൂക്കളാണ്
മഞ്ഞക്കണിക്കൊന്ന പൂക്കളാണ്.....

-ഗോപിക സത്യൻ

# ഇക്കുവും ചിക്കുവും

കഥ

ഇക്കു എന്ന മുയലും ചിക്കു എന്ന പൂച്ചയും വളരെ നല്ല കൂട്ടുകാരായിരുന്നു. ഇക്കുവിന് കിട്ടുന്ന സാധനങ്ങൾ ചിക്കുവിനും, ചിക്കുവിനു കിട്ടുന്ന സാധനങ്ങൾ ഇക്കുവിനും കൊടുക്കുമായിരുന്നു. ഒരു ദിവസം ഇക്കുവിന്റെയും ചിക്കുവിന്റെയും ശത്രുവായ മിക്കു എന്ന കുറുക്കൻ അവരുടെ അടുത്ത് ചെന്നു. കൂട്ടുകാരെ പിണക്കരുത് എന്ന് മിക്കുവിന്റെ കൂട്ടുകാരൻപറഞ്ഞിട്ടുണ്ട്. എന്നാൽ  അതൊന്നും വകവെക്കാതെ ഇക്കുവിനെയും ചിക്കുവിനെയുംതമ്മിൽ പിണക്കുവാൻ ശ്രമിച്ചു. എന്നാൽ ആ ശ്രമങ്ങൾ എല്ലാം പരാജയപ്പെട്ടുപോയി. ഒടുവിൽ മിക്കു ഒരു ശ്രമം കൂടി നടത്തിനോക്കി. അതിൽ മിക്കു വിജയിച്ചു. മിക്കു ആഗ്രഹിച്ചതു പോലെ അവർ തമ്മിൽ പിണങ്ങി. അപ്പോഴാണ് തന്റെ കൂട്ടുകാരൻ പറഞ്ഞ കാര്യം മിക്കു ഓർത്തത് . അപ്പോൾ മിക്കുവിന്റെ മനസ്സിൽ കുറ്റബോധം തോന്നി.മിക്കു ഇക്കുവിനെയും ചിക്കുവിനെയും വീണ്ടും കൂട്ടുകാരാക്കാൻ തീരുമാനിച്ചു. മിക്കു ചെയ്ത കാര്യങ്ങൾ എല്ലാം അവരോട് തുറന്നു പറഞ്ഞു. ഇക്കുവും ചിക്കുവും വീണ്ടും ഒന്നിച്ചു.

"ശത്രുവായിക്കണ്ട മിക്കുവിനെയും
അവർ സുഹൃത്തായി കണ്ടു".............

അമൃത ലിബു

# സ്ത്രീ

കവിത

പെണ്ണായ് പിറന്നാൽ സമൂഹത്തിലെല്ലാർക്കും
ലജ്ജയാണല്ലോ വിവരം പറയുവാൻ
ആണായ് പിറന്നാലോ ആദ്യമായ് ചൊല്ലുന്ന
സന്തോഷവാർത്തയായ്.!

മങ്കമാരാണല്ലോ ഭൂമിതൻ നിലനിൽപ്പ്
നാരിമാരാണല്ലോ ഭൂമിതൻ ഐശ്വര്യം
മങ്കമാർ ചെയ്യുന്ന കൃത്യങ്ങളില്ലെങ്കിൽ
സുന്ദരന്മാരുണ്ടോ ടിപ്പ്ടോപ്പിലാകുന്നു!

കാലത്തുണർന്നങ്ങ് മുറ്റവും തിണ്ണയും
വീടും മുഴുവനായ് ശുദ്ധമാക്കീടുന്നു
പിന്നെ ക്രമമായ് അടുക്കള ജോലിയും
കുട്ടിയെ നോട്ടവും മറ്റുമായ് കഴിയുന്നു.

ഗോക്കളെ നോക്കി പരിചരിച്ചീടണം,
വസ്ത്രങ്ങളൊക്കെയലക്കിയുണക്കണം,
പുല്ലിനും വിറകിനും കുന്നുകൾ കയറണം,
ഇന്ധനം വേണ്ടയോ കത്തിയെരിക്കുവാൻ.

പൈതങ്ങളാണെങ്കിലെന്തിനും തന്റെ
നേർക്കോടിവരുന്ന വെറും കയ്യുമായിതാ,
എത്രയില്ലായ്മയിൽ നിന്നുമിവളിതിനൊക്കെ
പരിഹാരമാർഗ്ഗവും കാണുന്നു.

നാരിജനങ്ങളില്ലാത്തൊരവസ്ഥയും

നാരിമാരുള്ളോരവസ്ഥയും നോക്കുമ്പോൾ,
എത്രമനോഹരം നാരിമാരുള്ളത്
എത്ര അലങ്കോലമാണിവരില്ലാത്തലോകവും!
പാരിലാണെങ്കിലോ ഐശ്വര്യദേവിയായ്
ഗേഹത്തിലൈശ്വര്യസമ്പത്തായ് മാറുന്നു.
പൈതങ്ങൾ തൻ നാവിലമ്മയായ്മാറുന്നു,
ഏറ്റവുമന്ത്യമായ് മുത്തശ്ശിയായ്മാറി!
കുട്ടിക്കഥയും, കവിതയും, പാടിയങ്ങോരോ
കിളുന്നിനും ജ്ഞാനം പകരുന്നു.
പിന്നെയെന്തിങ്ങനെ ലോകം
നമുക്കുനേർ എന്തിനു നാരിയെ ഇഷ്ടപ്പെടുന്നില്ല.?
ഒന്നിവരോർക്കണം നാരിതൻ
സിദ്ധികൾ എത്ര വൈചിത്ര്യ
മെന്നോർക്കണമെല്ലാരും
ഓർക്കണമെല്ലാരും..!

-അനു വിദ്യാധരൻ

# ആമയും മുയലും

കഥ

ഒരിടത്തൊരിടത്ത് ഒരു ആമയും മുയലും ഉണ്ടായിരുന്നു.സുഹൃത്തുക്കളായിരുന്ന അവർ പണ്ടു നടത്തിയ ഓട്ടമത്സരത്തിന്റെ പേരിൽ പിണക്കത്തിലായിരുന്നു.

ഒരു ദിവസം മുയലിനൊരു ആശയം തോന്നി.എന്തുകൊണ്ട് തനിക്ക് ജയിച്ചുകൂടാ? അന്നു ഞാൻ ഉറങ്ങിപ്പോയതുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്. അന്നുപറ്റിയ അബദ്ധം ഇനി പറ്റരുത്. മുയൽ തീരുമാനിച്ചു.

അങ്ങനെ മുയൽ ആമയോട് കാര്യം പറഞ്ഞു. ആദ്യം ഒരു ആവേശത്തിന്റെ പേരിൽ ആമ സമ്മതിച്ചു. മുയൽ പോയശേഷം ആമ തല പുകഞ്ഞാലോചിച്ചു. അപ്പോഴാണ് ആമ ഓർത്തത്, മത്സരം തുടങ്ങുന്നിടത്തു നിന്നും ആരാദ്യം വീട്ടിലെത്തും എന്ന്.

മത്സരം ആരംഭിച്ചു.മുയൽ ഓടിത്തുടങ്ങി. നോക്കിയപ്പോൾ ആമയെ കാണുന്നില്ല. മുയൽ തിരിച്ചെത്തി. നോക്കിയപ്പോൾ ആമയുടെ തോട് മാത്രമേ കാണാനുള്ളു. മുയൽ ചോദിച്ചു; നീ ഓടിയില്ലേ , ഇതു ശരിയല്ല.അപ്പോൾ ആമ പറഞ്ഞു; ആരാദ്യം വീട്ടിലെത്തും എന്നല്ലേ ? എന്റെ വീട് എന്റെ തോട് തന്നെയല്ലേ ?

ആ ചോദ്യത്തിനു മുമ്പിൽ മുയൽ തോൽവി സമ്മതിച്ചു.

മുയൽ ആരോടും പറയാതെ നാണക്കേടു മൂലം കാടുവിട്ടു.

-ദേവിക പി ആർ

# ജീവിതമാം യാത്ര

കവിത

എന്നു തുടങ്ങിയെന്നോർമ്മയെനിക്കില്ല
ഇന്നും തുടരുന്നു ജീവിതമാം യാത്ര
ഞാനുമെൻ കൂട്ടരും ജീവിതവണ്ടിയിൽ
ഈ വഴിയിപ്പോഴും യാത്ര തുടരുന്നു.

എത്ര സൂനങ്ങൾ വിടർന്നു കൊഴിയുന്നു
ജീവിത സ്വപ്നങ്ങൾ വീണു തകരുന്നു
മർത്ത്യമനസ്സിന്റെ മാനസം മാത്രമിതി-
പ്പോഴും കത്തികരിയാകാതെ നിൽക്കുന്നു.

ഓരോ സ്ഥലത്തുമിറങ്ങുന്നു യാത്രക്കാർ
ഒന്നിച്ചിറങ്ങാൻ കൊതിച്ചവർ ഏറെയും
വണ്ടിനിലയ്ക്കുമ്പോൾ ഇറങ്ങാൻ കഴിയാതെ
പിന്നെയും യാത്രതുടരുന്നതിപ്പോഴും.

യമരാജനനുവാദം കിട്ടാതെയിപ്പോഴും
വണ്ടിയിൽ തന്നെയിരിക്കുന്നതുണ്ടിവർ
ഇനിയെന്റെ നിലയത്തിലെത്തിയാൽ പിന്നെയും
കൂട്ടരില്ലാത്തൊരു യാത്രയും കാത്തു ഞാൻ.

എന്നിതിനന്ത്യം കുറിക്കുമെന്നറിയില്ല

ഇന്നും തുടരുന്നു ജീവിതമാം

ജീവിതമാം യാത്ര.................

-ഗോപിക സത്യൻ

# കുഞ്ഞുപൂവ്

കഥ

ഒരിടത്തൊരിടത്ത് ഒരു പൂന്തോട്ടത്തിൽ ഒരു കുഞ്ഞുപൂവ് ഒറ്റയ്ക്ക് നിൽക്കുകയായിരുന്നു.ആ പൂവിനെ ആരും ശ്രദ്ധിച്ചിരുന്നില്ല.ആ പൂന്തോട്ടത്തിലെ ആളുകൾ ആ പൂവിനു മാത്രം വെള്ളം ഒഴിച്ചിരുന്നില്ല. അതുകൊണ്ട് ആ പൂവ് വളരെ ക്ഷീണിച്ചിരുന്നു.

ഒരു ദിവസം ഒരാൾ ആ കാഴ്ചകണ്ടു. എന്നിട്ട് ആ പൂന്തോട്ടത്തിലെ ഉദ്യോഗസ്ഥരോട് എന്തുകൊണ്ടാണ് ആ ചെടിക്കു വെള്ളമൊ ഴിക്കാത്തത് എന്നു ചോദിച്ചു. അപ്പോൾ അയാൾ പറഞ്ഞു. ആ ചെടി അവിടെ നിൽക്കുന്നത് ആരും കണ്ടില്ല എന്ന് .

അതിനുശേഷം തുടർച്ചയായി അയാൾ വെള്ളം ഒഴിക്കാൻ തുടങ്ങി. അത് നന്നായി വളർന്ന് മനോഹരമായ ഒരു പൂവായി മാറി............

ജിതിൻ കെ ബി

# എന്റെ ഗ്രാമം

കവിത

എത്ര മനോഹരമാണെന്റെ
ഗ്രാമം എന്നതുനിങ്ങളറിയേണ്ടു
കൂട്ടരെ, ഇതിന്റെ വാർമുടി
കെട്ടായ് വിലസിടുന്നു
സുന്ദരിയായൊരു കൊച്ചരുവി,
പച്ചപ്പുതപ്പാർന്ന പുല്ലുമേട
മേഞ്ഞുനടക്കുന്ന കാലികളും.
ഏറ്റവും താഴെയായ് കണ്ടിടുന്നു
ഭീമൻ കുഴൽപ്പാലമാണു കേട്ടോ.
കാലവർഷത്തിൻതിമർപ്പിലവൻ
നമ്മളെയാകെയങ്ങമ്പരപ്പിച്ചോണ്ട്
വെള്ളത്തിൽ മുങ്ങിയൊളിച്ചിടുന്നു.
എങ്ങനെയാക്കിയിതെന്നായിരിക്കാം
നിങ്ങടെയുള്ളിലെ സംശയങ്ങൾ
കൂട്ടരെ നിങ്ങളും ഒന്നു
ചിന്തിയ്ക്കുവിൻ ഗൾഫിലെ
അമ്മായി വർഷത്തിലെന്നേലും
നാടുകണ്ടീടുവാൻ എത്തുന്നില്ലേ
കൂട്ടരെ കണ്ടും കഥ പറഞ്ഞും
കൂട്ടരെ വള്ളത്തിലേറ്റികൊണ്ടും

വിശ്രമവേളചിലവഴിച്ചും
വീണ്ടും വരുമെന്നുറപ്പു തന്നും
കൂട്ടരെയങ്ങു ക്ഷണിച്ചുകൊണ്ടും
പയ്യെപ്പതുക്കെതിരികെപോണു
ചിങ്ങമാസത്തിലും മറ്റുമാണേൽ
വഞ്ചിയിലാണല്ലോ യാത്രയൊക്കെ
എന്തുരസമായ കാലമാണ്
മാവേലിയപ്പന്റെ വരവിനൊപ്പം
കുന്നും മലയും നിറഞ്ഞുനിൽക്കും
മലയാളനാടിന്റെ ഗ്രാമഭംഗി
മാറ്റുകൂട്ടിടുവാനുള്ളതല്ലോ
നമ്മുടെ ഗ്രാമം.....

-കൃഷ്ണപ്രിയ കെ എം

# ചിന്താവിഷ്ടയായ സീത

1914 ജൂൺ മാസത്തിലാണ് കുമാരനാശാൻ ഈ കവിത എഴുതാൻ തുടങ്ങിയത്. 1919 ഡിസംബർ മാസത്തിലാണ് ഈ കവിത എഴുതി കഴിഞ്ഞത്. രാമായണത്തിന്റ വിശേഷപ്പെട്ട ഭാഗം ആണ് ഈ കാവ്യം. സീതാദേവിയെ ഒരു പച്ചയായ സ്ത്രീയായി ആണ് ഈ കാവ്യത്തിൽ കാണിക്കുന്നത്. ഇന്ത്യ കണ്ട ആദ്യത്തെ 2400 ശ്ലോകങ്ങളുള്ള കാവ്യം. കുമാരനാശാന്റെ അറിയപ്പെടുന്ന കൃതികളിൽ ഒന്നാണ്. ഈ കാവ്യം രചിച്ചിട്ട് 100 വർഷം തികയുകയാണ്. അഗ്നി വിശുദ്ധയാക്കപ്പെട്ട സീതാദേവി ഒരേകാന്ത നിമിഷത്തിൽ ഓർമ്മയുടെ അടരുകളിൽ തന്നെയും തന്റെ പ്രാണപ്രിയനായ ശ്രീരാമനെയും കണ്ടെത്തുകയാണ്. മനസാക്ഷിയുടെ മുന്നിൽ വിചാരണ ചെയ്യുകയാണ്.സ്മൃതി മന്ത്രങ്ങളിൽ സ്ത്രീയുടെ വികാര വിചാരങ്ങൾക്ക് വിലങ്ങിടുകയാണ് പൗരോഹിത്യ പ്രവർത്തികൾ എന്ന് ഈ ചെറുകാവ്യത്തിലൂടെ ആശാൻ വിശദമാക്കുന്നു.

രേഷ്മ രതീഷ്

# പൂക്കളും കാർമേഘക്കൂട്ടനും

കഥ

ഒരു പൂന്തോട്ടത്തിൽ കുറെ ചെടികളും പൂക്കളും താമസിച്ചിരുന്നു.ഒരു ദിവസം ഒരു നീലപ്പൂവ് ചുവന്നപൂവിനോട് പറഞ്ഞു"ഹോ എത്ര നാളായി മഴ പെയ്തിട്ട്".ഇങ്ങനെ ചൂടുകൂടിയാൽ നമ്മുടെ കഥകഴിയും !". "ശരിയാ.എന്റെ ഇലകൾ മിക്കതും കൊഴിഞ്ഞു."ചുവന്ന പൂവ് പറഞ്ഞു.പൂക്കളുടെ സങ്കടം പറച്ചിൽ അതുവഴി വന്ന കാർമേഘക്കൂട്ടൻ കേട്ടു.പാവം പൂക്കൾ...അവരെ സഹായിക്കണം. അവൻ തീരുമാനിച്ചു.

കാർമേഘക്കൂട്ടൻ എന്തു ചെയ്തെന്നോ? കൂട്ടുകാരനായ മിടുക്കൻ കാറ്റിനെ ഉറക്കെ വിളിച്ചു .മിടുക്കൻ കാറ്റ് ഓടിയെത്തി ആഞ്ഞുവീശി.അപ്പോഴേക്കും കാർമേഘക്കൂട്ടനിൽ നിന്ന് മഴയും പെയ്തുതുടങ്ങി.

ഉഗ്രൻ കാറ്റും മഴയും!

ഇത്കണ്ട പൂക്കൾക്ക് സന്തോഷമായി.അവർ കാർമേഘക്കൂട്ടന് നന്ദി പറഞ്ഞു.

- അമ്മുലക്ഷ്മി. പി

# മഴ

കവിത

മഴ വന്നു പോയ്കഴിഞ്ഞൊരു ആകാശം
തെളിമയായ് നിന്നങ്ങു പുഞ്ചിരിച്ചു,
തത്തയും മൈനയും തത്തിക്കളിക്കുന്നു,
പൂമരച്ചില്ലയിൽ പൂമ്പാറ്റയോടുന്നു.

പൂവാലനണ്ണാന്മാർ ചാടിക്കളിക്കുന്നു,
മാവിലും പ്ലാവിലും കയറിയിറങ്ങുന്നു.

കാറ്റിലുലയുന്ന പൂമരച്ചില്ലകൾ,
കണ്ണാടിപോലതാ ബാഷ്പകങ്ങൾ,
ചിന്നിചിതറിയ ഉവലായ് പക്ഷികൾ,
കോതിമിനുക്കുന്ന ഉവലായ് പ്രാവുകൾ!

ചിരിതൂകിനിൽക്കുന്ന ഭീമനാകാശവും,
നീലയായ് മാറിയ ആകാശക്കാഴ്ച്ചകൾ,
ചിന്നിച്ചിതറിയ മേഘപടലങ്ങൾ...!

-ദേവിക പി.ആർ

# ഓട്ടൻതുള്ളൽ

നമ്മുടെ നാട്ടിൽ ഉണ്ടൊരു സ്കൂള്
"മുരിക്കുംവയലെന്ന"തിൻടെ പേര്.
പ്രിൻസിപ്പാളോ അബ്ദുൾ റഹിം,
അസ്സിസ്റ്റൻറ്റായി ഷീജാ ടീച്ചർ.
അദ്ധ്യപകരോ ഏറെയുമുണ്ട്
കുട്ടികളാണേൽ ഇഷ്ടംപോലെ!

സ്കൂളാണെങ്കിൽ 'ഇൻറർനാഷണൽ'
ക്ലാസാണെങ്കിൽ സ്മാർട്ടാണല്ലോ.
നമ്മുടെ മുറ്റത്തുണ്ടൊരു വൃക്ഷം
'വെട്ടി' എന്നാണിതിൻടെ പേര്
ഓപ്പൺ എയറിൽ ഉണ്ടൊരു ക്ലാസ്സിൻ
തണലായ് നിൽക്കും വെട്ടിമരം.
വെട്ടരുതെന്നെ, മുറിക്കരുത്,
നിങ്ങൾക്കെന്നും തണലേകാം.
താങ്ങായ് തണലായ് നിന്നീടാം!

വാർഷികമാണ് ഇന്നെന്നറിയുക കൂട്ടരെ
പരിപാടികളൊ ഏറെയുമുണ്ട്..

"പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ"!
അടിപൊളിയായി നടന്നീടുന്നു.

എം.എൽ.എയോ മുൻപേയെത്തി,
മെമ്പർമാരും കൂടെയെത്തി,
പി.റ്റി.എയും അദ്ധ്യാപകരും,
ഒറ്റക്കെട്ടായ് നിന്നീടുന്നു.

എന്തുകളിയ്ക്കും ഏതുകളിയ്ക്കും?,
ആക്ടീവായി കുട്ടികളെത്തി.
വിളംബരജാഥ തകൃതിയിലായി,
നാടൻപാട്ടും കവിതയുമായി,
തട്ടുപൊളിപ്പൻ പ്രകടനമായി!

എങ്കിലുമുണ്ടൊരുകാര്യം പറയാൻ,
കേൾക്കണമതിനശ്രമിയ്ക്കണമതിനായ്.
'കഥകളിലിങ്ങനെ പലതുംപറയും
അതുകേട്ടാരും കോപിക്കരുത്'

നമ്മുടെ നാട്ടിൽ കണ്ണോടിച്ചാൽ,
ലഹരിമരുന്നിൻ ചാഞ്ചാട്ടം.

മാലിന്യത്തിൻ കുമ്പാരം,
പ്ലാസ്റ്റിയ്ക്കാണ് വില്ലൻ എന്ന്
അറിയണമതിനെ തടയേണം.

മാലിന്യത്തെ മാറ്റീടേണം.
ഒറ്റകെട്ടായ് മാറ്റീടേണം.
കുട്ടിക്കൂട്ടം ഒറ്റകെട്ടായ്,
എന്തിനുമേതിനും മുന്നിൽ തന്നെ.

"ഒത്തുപിടിയ്ക്കാം കൈകോർക്കാം,
സുന്ദരമായൊരു ഗ്രാമം പണിയാം"

- ഗോപിക സത്യൻ

# ആനയും അണ്ണാനും

കഥ

ഒരിടത്ത് ഒരു കാട്ടിൽ ഒരു ആനയുണ്ടായിരുന്നു. അവൻ അഹങ്കാരിയായിരുന്നു. അവന്റെ അഹങ്കാരം സഹിക്കാ വയ്യാതെ ആ കാട്ടിലെ ഒരു അണ്ണാൻ അവനെ വെല്ലുവിളിച്ചു, ആരാണ് ഏറ്റവും കൂടുതൽ ഈന്തപ്പഴം തിന്നുന്നത് എന്ന് .പിറ്റേന്ന് അത് ഒരു മത്സരമായി മാറി.ആ കാട്ടിലുള്ള എല്ലാ ജീവികളും അത് കാണാനെത്തി .രണ്ടു മലകൾപോലെ ഈന്തപ്പഴം കൂട്ടിയിട്ടിരിക്കുന്നു.മൽസരം ആരംഭിച്ചു.

ആന ആദ്യം കുറെ ഈന്തപ്പഴം തിന്നു. എന്നാൽ അണ്ണാൻ പതിയെ ഓരോ ഈന്തപ്പഴവും എടുത്തുതിന്നു ഇതിന്റെ ഇടയിൽ അണ്ണാന്റെ സുഹൃത്തുക്കളും വീട്ടുകാരും ആ കാട്ടിലുള്ള എല്ലാ അണ്ണാന്മാരും വന്നു. മാറി മാറി ഈന്തപ്പഴം കഴിച്ചുകൊണ്ടിരുന്നു. എന്നാൽ ആന ഇതൊന്നും

അറിഞ്ഞിരുന്നില്ല.കുറെ കഴിഞ്ഞപ്പോൾ ആന മടുത്തു .എന്നാൽ അണ്ണാൻ തിന്നുകൊണ്ടേയിരുന്നു. അവസാനം ആന തോൽവി സമ്മതിച്ചു. അതോടെ ആനയുടെ അഹങ്കാരവും തീർന്നു.........

ദേവിക പി ആർ



അമ്മുലക്ഷ്മി പി



ആർഷാമോൾ എം റ്റി



സോബിൻ റ്റി ബി , ജിതിൻ കെ ബി



ബെസ്റ്റിൻ റ്റി ബി



ദേവിപ്രിയ ബിജു



ജിതിൻ കെ ബി, സോബിൻ റ്റി ബി

ശുഭം